**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1562** **03-02-2026 - ൽ മറുപടിയ്ക്ക്**

**സുനാമി പുനരധിവാസ ഫ്ളാറ്റുകളിലെ താമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2004 ഡിസംബർ 24-ന് സംഭവിച്ച സുനാമി ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി നിർമ്മിച്ച ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് അവകാശരേഖ നൽകേണ്ടതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | സുനാമി ദുരന്തത്തിന് ഇരയായി ഫ്ലാറ്റുകളിൽ പുനരധിവാസം നൽകിയ വ്യക്തികൾക്ക് അവർ അധിവസിക്കുന്ന ഫ്ലാറ്റുകൾക്ക് പട്ടയം നൽകേണ്ടത് ന്യായമായിട്ടുള്ള ആവശ്യമാണ്. അതിനാൽ, 16.12.2025 തീയതിയിലെ സ.ഉ.(കൈ)നം.335/2025/റവ നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ ഉൾപ്പെടെ വിവിധ സർക്കാർ പുനരധിവാസ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് വ്യവസ്ഥകൾ പ്രകാരം അവിഭക്ത ഓഹരിയവകാശം രേഖപ്പെടുത്തിക്കൊണ്ട് നിലവിലുള്ള പട്ടയനിബന്ധനകളോടെ ഗുണഭോക്താക്കളുടെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സുനാമി പുനരധിവാസ ഫ്ളാറ്റുകളുടെ കൈവശക്കാർക്ക് ആനുപാതികമായ സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | സുനാമി ദുരന്തത്തിന് ഇരയായി ഫ്ലാറ്റുകളിൽ പുനരധിവാസം നൽകിയ വ്യക്തികൾക്ക് അവർ അധിവസിക്കുന്ന ഫ്ലാറ്റുകൾക്ക് പട്ടയം നൽകേണ്ടത് ന്യായമായിട്ടുള്ള ആവശ്യമാണ്. അതിനാൽ, 16.12.2025 തീയതിയിലെ സ.ഉ.(കൈ)നം.335/2025/റവ നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ ഉൾപ്പെടെ വിവിധ സർക്കാർ പുനരധിവാസ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് വ്യവസ്ഥകൾ പ്രകാരം അവിഭക്ത ഓഹരിയവകാശം രേഖപ്പെടുത്തിക്കൊണ്ട് നിലവിലുള്ള പട്ടയനിബന്ധനകളോടെ ഗുണഭോക്താക്കളുടെ പേരിൽ പട്ടയം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഫ്ളാറ്റുകളുടെ നിലവിലെ കൈവശക്കാരന്റെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) | സുനാമി ദുരന്തത്തിന് ഇരയായി ഫ്ലാറ്റുകളിൽ പുനരധിവാസം നൽകിയ വ്യക്തികൾക്ക് അവർ അധിവസിക്കുന്ന ഫ്ലാറ്റുകൾക്ക് പട്ടയം നൽകേണ്ടത് ന്യായമായിട്ടുള്ള ആവശ്യമാണ്. അതിനാൽ, 16.12.2025 തീയതിയിലെ സ.ഉ.(കൈ)നം.335/2025/റവ നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ ഉൾപ്പെടെ വിവിധ സർക്കാർ പുനരധിവാസ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് വ്യവസ്ഥകൾ പ്രകാരം അവിഭക്ത ഓഹരിയവകാശം രേഖപ്പെടുത്തിക്കൊണ്ട് നിലവിലുള്ള പട്ടയനിബന്ധനകളോടെ ഗുണഭോക്താക്കളുടെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - സംസ്ഥാനത്ത് വിവിധ സർക്കാർ പുനരധിവാസ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് വ്യവസ്ഥകൾ പ്രകാരം അവിഭക്ത ഓഹരിയാവകാശം രേഖപ്പെടുത്തി പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.335/2025/RD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- 12-08-2025 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/5510/2025-PM-1 (1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം 9 ജില്ലകളിലായി നിർമ്മിച്ച 2351 ഫ്ലാറ്റുകളിൽ 5 ജില്ലകളിലായി നിലവിൽ ഗുണഭോക്താക്കൾ കൈവശം വച്ചു വരുന്ന 1970 ഫ്ലാറ്റുകളിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കേണ്ടതുണ്ടെന്നും, ഭൂമിയിൽ അവിഭക്ത ഓഹരിയവകാശമാണെന്നതിനാൽ ഇത്തരം കേസുകളിൽ നിലവിൽ പട്ടയം അനുവദിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ നിലവിലില്ലാത്ത സാഹചര്യമാണുള്ളതെന്നും, ഇത്തരം കേസുകളിൽ ഭൂമിയുടെ ആകെ വിസ്തീർണ്ണം കണക്കാക്കി പൊതു ആവശ്യത്തിലേയ്ക്കുള്ള ഏര്യ കൂടി ഉൾപ്പെടുത്തി അവിഭക്ത ഓഹരിയവകാശം അനുവദിച്ചുകൊണ്ട് പട്ടയം അനുവദിക്കുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുന്നതാണെന്നും, ആയതിനാൽ ചുവടെ ചേർക്കുന്ന രീതിയിൽ അവിഭക്ത ഓഹരിയവകാശം രേഖപ്പെടുത്തിക്കൊണ്ട് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണെന്നും, ആയതിനാൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ "പുനർഗേഹം" പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളിലേയും കൈവശക്കാർക്ക് അവിഭക്ത ഓഹരിയവകാശം അനുവദിച്ചുകൊണ്ട് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പരാമർശ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

i. 1964 ലെയും 1995 ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ അവിഭക്ത ഓഹരിയവകാശം പരാമർശിച്ചുകൊണ്ട് പട്ടയം അനുവദിക്കാവുന്നതാണ്.

ii. ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിൽ പട്ടയം അനുവദിക്കുന്ന നിലവിലെ രീതി ഈ സംഗതിയിലും പിന്തുടരാവുന്നതാണ്.

iii. പട്ടയത്തിലെ സർവേ നമ്പർ രേഖപ്പെടുത്തേണ്ട ഭാഗത്ത് ഫ്ലാറ്റ് സമുച്ചയം സ്ഥിതി ചെയ്യുന്ന ആകെ ഭൂമിയുടെ സർവേ നമ്പർ രേഖപ്പെടുത്താവുന്നതാണ്. (ഒന്നിലധികം പാഴ്സലുകൾ കൂടിച്ചേർന്ന

പ്ലോട്ടിലാണ് ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ചതെങ്കിൽ എല്ലാ സർവേ നമ്പറുകളും ഓരോ ഫ്ലാറ്റുടമയുടെയും പേരിൽ അനുവദിക്കുന്ന പട്ടയത്തിൽ രേഖപ്പെടുത്തേണ്ടതുണ്ട്).

iv. പട്ടയത്തിൽ വിസ്തീർണ്ണം രേഖപ്പെടുത്തേണ്ട ഭാഗത്ത് പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം പരാമർശിക്കേണ്ടതും ബ്രാക്കറ്റിൽ ഫ്ലാറ്റുകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി അവിഭക്ത ഓഹരിയാവകാശം എന്ന് ചേർക്കേണ്ടതുമാണ്. ഉദാഹരണമായി 50 സെന്റ് ഭൂമിയിൽ 12 യൂണിറ്റുകളുള്ള ഒരു ഫ്ലാറ്റ് സമുച്ചയം ആണ് നിർമ്മിച്ചതെങ്കിൽ വിസ്തീർണ്ണത്തിന് നേർക്ക് "50 സെന്റ് (12 ൽ ഒന്ന് അവിഭക്ത ഓഹരിയാവകാശം) " എന്ന് രേഖപ്പെടുത്തേണ്ടതാണ്.

v. കൂടാതെ ഓരോ പട്ടയത്തിലും അധിക വിവരമായി കെട്ടിടത്തിന്റെ ഫ്ലോർ, കെട്ടിടത്തിന്റെ നമ്പർ (LSGI അനുവദിച്ചിട്ടുള്ളത്), പ്ലിന്ത് ഏരിയ എന്നിവ എഴുതി ചേർത്ത് നൽകാവുന്നതുമാണ്.

vi. ഇത്തരത്തിൽ ഭൂമിയിൽ അവിഭക്ത ഓഹരിയാവകാശം വ്യവസ്ഥ ചെയ്തുകൊണ്ട് അനുവദിക്കുന്ന പട്ടയങ്ങൾക്ക് 22/4/2025 ലെ GO (Ms) No. 107/2025/RD എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പോക്കുവരവ് അനുവദിക്കാവുന്നതും തണ്ടപ്പേർ അക്കൗണ്ട് തയ്യാറാക്കാവുന്നതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ "പുനർഗേഹം" പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളിലേയും ഉൾപ്പെടെ വിവിധ സർക്കാർ പുനരധിവാസ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് മേൽ വ്യവസ്ഥകൾ പ്രകാരം അവിഭക്ത ഓഹരിയാവകാശം രേഖപ്പെടുത്തിക്കൊണ്ട് നിലവിലുള്ള പട്ടയനിബന്ധനകളോടെ ഗുണഭോക്താക്കളുടെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (എ/എം/ആർ/യു) വകുപ്പുകൾ
കരുതൽ ഫയൽ/ഓഫീസ് കോപ്പി ( REV-L1/147/2025-REV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്